**പതിമൂന്നാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 240** **19-6-2013-ൽ മറുപടിക്ക്**

**കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ നടപ്പാക്കുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. നാരായണൻ<br>ശ്രീ. എളമരം കരീം.<br>ശ്രീ. സാജു പോൾ.<br>ശ്രീ. ആർ. രാജേഷ്. | ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ ജലവിഭവ വകുപ്പ് ഏതെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കുന്നതെന്നും അതിനായി ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

(എ) കേരള ജല അതോറിറ്റിയുടെ നേതൃത്വത്തിൽ കേന്ദ്ര കുടിവെള്ള ശുചിത്വ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ ജലവിഭവ വകുപ്പ് നടപ്പാക്കുന്ന പദ്ധതിയാണ് "ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതി".
ഈ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് പദ്ധതി തുകയുടെ 67% ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് ശുദ്ധജലലഭ്യത ഉറപ്പാക്കുന്നതിനും 15% ഓപ്പറേഷൻ ആന്റ് മെയിന്റനൻസിനും, 10% ശുദ്ധജലസ്രോതസ്സുകളുടെ പോഷണത്തിനും (സസ്റ്റെയ്നബിലിറ്റി), 5% പരിശീലന ബോധവൽക്കരണ പ്രവർത്തനത്തിനും (സപ്പോർട്ട് ആക്ടിവിറ്റീസ്), 3% ജലഗുണനിലവാര പരിശോധന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും പരിശീലന പ്രവർത്തനങ്ങൾക്കും (വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് സർവൈലൻസ് പ്രോഗ്രാം) ആണ് അനുവദിക്കുന്നത്.

അതോടൊപ്പം കുടിവെള്ള മേഖലകളിൽ മഴവെള്ള സംഭരണം, ഭൂജലപരിപോഷണം, ജലഗുണനിലവാരം എന്നിവ ഉറപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും വിവിധ പദ്ധതികൾക്കും

| | |
|---|---|
| | വിവര വിദ്യാഭ്യാസ വിനിമയവും പരിശീലനവും നൽകുക എന്ന ലക്ഷ്യത്തോടെ ജലവിഭവ വകുപ്പിൽ സി.സി.ഡി.യു. പ്രവർത്തിക്കുന്നു. ഈ മേഖലകളിൽ ജനപങ്കാളിത്തം ഉൾ പ്പെടെ ഉറപ്പാക്കി സമസ്ത ജനവിഭാഗങ്ങളിലും ജലസംരക്ഷണം, സംഭരണം, ജലശുദ്ധി, ജലത്തിന്റെ നീതിപൂർവ്വമായ ഉപഭോഗം എന്നിവയെ പരിപോഷിപ്പിക്കുക എന്നതും സി.സി.ഡി.യു. ന്റെ ലക്ഷ്യങ്ങളാണ്. |
| (ബി) "കമ്മ്യൂണിക്കേഷൻ ആന്റ് കപ്പാസിറ്റി ഡെവലപ്പ് മെന്റ് യൂണിറ്റ്" (സി.സി.ഡി.യു.) -ന്റെ ഘടനയും ആസ്ഥാനവും പ്രവർത്തനപരിധിയും പദ്ധതികളും എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) സി.സി.ഡി.യു. വിന്റെ ആസ്ഥാനം തിരുവനന്തപുരമാണ്. പ്രവർത്തന പരിധി കേരള സംസ്ഥാനമൊട്ടാകെയാണ്. ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനായുള്ള സ്റ്റേറ്റ് വാട്ടർ ആന്റ് സാനിട്ടേഷൻ മിഷന്റെ കീഴിൽ സി.സി.ഡി.യു പ്രവർത്തിക്കുന്നു. ഡയറക്ടർ, ഭരണവിഭാഗം, സാങ്കേതിക വിഭാഗം എന്നിവ ഉൾ പ്പെടുന്നതാണ് സി.സി.ഡി.യു ന്റെ ഘടന.<br>പദ്ധതികൾ ചുവടെ ചേർക്കുന്നു:<br>1. വിവര വിദ്യാഭ്യാസ വ്യാപനം.<br>2. മാനവശേഷി വികസനം.<br>3. ജല ഗുണനിലവാര പരിശോധന. |
| (സി) ഇതിനായി ഇതുവരെ ഏതെല്ലാം പദ്ധതികളിലായി അനുവദിച്ചതും ചെലവഴിച്ചതുമായ ഫണ്ടിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | (സി) ഈ പദ്ധതിക്കായി 2011-12 മുതൽ കേരള വാട്ടർ അതോറിറ്റി അനുവദിച്ചതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. കൂടാതെ ഈ പദ്ധതിക്കായി 2011-12 മുതൽ സി.സി.ഡി.യു. അനുവദിച്ചതും ചെലവഴിച്ചതുമായ തുക ചുവടെ ചേർക്കുന്നു. |

| | [illegible] ബാലൻസ് ലക്ഷം(രൂപ) | ലഭ്യമായത് ലക്ഷം(രൂപ) | ആകെ ലക്ഷം(രൂപ) | ചെലവാക്കിയത് ലക്ഷം(രൂപ) |
|---|---|---|---|---|
| 2011-12 | 68.93 | 125 | 193.93 | 112.02 |
| 2012-13 | 81.91 | 100 | 181.91 | 180.11 |

(ഒപ്പ്)

സെക്ഷൻ ഓഫീസർ

അനുബന്ധം

## പദ്ധതി വിഹിതം

തുക ലക്ഷത്തിൽ

| നം. | വർഷം | നീക്കിയിരുപ്പ് തുക | ബാങ്ക് പലിശ | അനുവദിച്ച തുക | ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | 2011-12 | 436.12 | 183.00 | 11806.50 | 12425.62 | 12400.90 |
| 2 | 2012-13 | 1292.30 | 367.02 | 24564.77 | 26224.09 | 23889.37 |
| 3 | 2013-14 (30.4.2013 വരെ | 2334.72 | 0.00 | 0.00 | 2334.72 | 316.13 |

## സപ്പോർട്ട് ആക്ടിവിറ്റീസ്

| നം. | വർഷം | നീക്കിയിരുപ്പ് തുക | ബാങ്ക് പലിശ | അനുവദിച്ച തുക | ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | 2011-12 | 298.06 | 10.65 | 375.00 | 683.71 | 192.62 |
| 2 | 2012 13 | 480.44 | 17.68 | 119.35 | 617.47 | 622.10 |
| 3 | 2013-14 (30.4.2013 വരെ) | 0.00 | 0.00 | 0.00 | 0.00 | 0.00 |

## വാട്ടർ ക്വാളിറ്റി മോണിറ്ററിംഗ് ആന്റ് സർവേലൻസ് പ്രോഗ്രാം

| നം. | വർഷം | നീക്കിയിരുപ്പ് തുക | ബാങ്ക് പലിശ | അനുവദിച്ച തുക | ലഭ്യമായ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|---|
| 1 | 2011-12 | 0.00 | 0.00 | 263.47 | 263.47 | 119.55 |
| 2 | 2012 13 | 143.92 | 0.00 | 219.46 | 363.38 | 166.29 |
| 3 | 2013-14 (30.4.2013 വരെ) | 197.09 | 0.00 | 0.00 | 197.09 | 0.00 |

സെക്ഷൻ ഓഫീസർ